വാൻ പോകുന്ന അവസരത്തിൽ കൊട്ടക്കാറുകൊണ്ടു നഷ്ടപ്പെട്ടിട്ടുള്ള ഭൂമികളിലും വിളവു കാണും. ആ വിളവു് എങ്ങിനെയാണു് ഈ ഭൂമിയിൽ വന്നിട്ടുള്ളതെന്നു റവന്യൂ ഡിപ്പാർട്ടുമെണ്ടിൽനിന്നു് ആലോചിക്കുകയില്ല. ആദ്യം കൊട്ടക്കാറും വെള്ളപ്പൊക്കവും ഉണ്ടായ അവസരത്തിൽ കൃഷിയിൽ പണിചെയ്തിട്ടുള്ളതു സവ്വ്വും പോയി, കൃഷിയും വരമ്പും മുഴവനും പോയി. വിത്തില്ല കൃഷി ചെയ്യുവാൻ. പുഴവക്കൊന്നുമില്ലാത്ത സ്ഥലങ്ങളിൽ കൃഷിക്കു നാശം പറ്റിയിട്ടുള്ളതിന്നു് ആരോടാണാ സങ്കടം പറയേണ്ടതു് എന്നു വിചാരിച്ചു് ഉണ്ണുവാനുള്ള നെല്ലെടുത്തോ അല്ലെങ്കിൽ ആരോടെങ്കിലും പറയുന്ന വില കൊടുത്തു വിത്തു വാങ്ങിച്ചോ കൃഷി ചെയ്തിട്ടുള്ള സ്ഥലങ്ങളും ഉണ്ടു്. വരമ്പില്ലാത്ത സ്ഥലത്തു കുറി അടിച്ചു മണ്ണിട്ടും മറവും ചെയ്ത കൃഷിയാണതു്. നെല്ല വിളഞ്ഞുനില്ക്കുന്നതു കാണുമ്പോൾ ഗവ മ്മെണ്ടു ഭൂമിക്കു നികുതി കൊടുക്കുവാൻ പറയും. അതു കഷ്ടമാണു്. നഷ്ടം വ ന്നിട്ടില്ലാത്തവക്കു് ഇളവു കൊടുക്കണമെന്നല്ല പറയുന്നതു്. എന്റെ ഉദ്ദേശം ഇതേയുള്ളു. കഴിഞ്ഞതവണ റമിഷൻ അനുവദിച്ചിട്ടു് അനവധി പ്രാവശ്യം വിളവു് ഉണങ്ങിപോയിട്ടുള്ള പലക്കും അതു കിട്ടിയില്ല. അതു് അനേഷിക്കുവാൻ പോയ ആളുകളുടെ മനസ്ഥിതി അങ്ങിനെയായിരുന്നു. ദുരിതനിവാരണത്തിന്നുള്ള പണം ഉദ്യോഗസ്ഥന്മാരുടെ മനസ്ഥിതികൊണ്ടു ചിലക്കു കിട്ടിയിട്ടില്ലെന്നു ദിവാൻപേഷ്കാർ സമ്മതിച്ചുകഴിഞ്ഞു.

മിസ്റ്റർ എ. മാധവപ്രഭു: ഇടയ്ക്കു് അങ്ങിനെ ഒന്നു് ഉണ്ടായി എന്നുവെച്ചു് എല്ലാ കാര്യത്തിലും അങ്ങിനെ പറഞ്ഞുകൂടാ.

മിസ്റ്റർ ടി. കെ. നായർ: ഇതൊക്കെ ഓർമ്മവെച്ചു് ഈ റമിഷൻ കൊടുക്കുന്ന കാര്യത്തിൽ എന്തെങ്കിലും ദയവായി ആലോചിക്കണം. ദയവാണു വേണ്ടതു്. പേഷ്കാർക്കു ദയവുണ്ടെന്നും എനിക്കറിയാം. അതു നടപ്പിൽ വരുത്തുവാൻ അദ്ദേഹം പ്രവൃത്തിക്കണം. വെറുതെ ദയവുണ്ടു് എന്നു പറഞ്ഞതുകൊണ്ടു കാര്യമില്ല. ഇതിൽ പ്രത്യേകം മനസ്സുവെക്കണമെന്നും എനിക്കപേക്ഷയുണ്ടു്. അതുകൊണ്ടു കഴിയുന്നതും വേഗത്തിൽ കൃഷി നാശം സംഭവിച്ചവക്കു് ഒരു രക്ഷ ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടും ഇതിൽ പറയുന്ന തത്വം ഗവമ്മെണ്ടു സ്വീകരിച്ചിരിക്കുന്നതുകൊണ്ടും ഇതു് പ്രസ്സുചെയ്യണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ ഉപക്ഷേപം പിൻവലിക്കുവാൻ സഭയുടെ അനുവാദം അപേക്ഷിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Demand for Rs. 2,82,610 under 1. Land Revenue put and carried

1. Land Revenue—Cranganur—Rs. 19,238

Mr. A. Madhava Prabhu *(Diwan Peishkar):* Sir, I rise to move for a grant of Rs. 19,238 under 1—Land Revenue—Cranganur.

Demand put and carried

The House rose for the day at 5 p.m.

C. J. MATHEW
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly